## കാരൂർ സോമൻ

മാവേലിക്കര താലൂക്കിൽ താമരക്കുളത്ത് ജനനം. മലയാള സാഹിത്യകാരന്മാരിൽ ശ്രദ്ധേയൻ. യൂറോപ്പ്, യു.എസ്, ഗൾഫ്, കേരള പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി എഴുതുന്നു. നാടകം, നോവൽ, കഥകൾ, കവിതകൾ, ലേഖനങ്ങൾ, സഞ്ചാരസാഹിത്യം തുടങ്ങി മലയാളസാഹിത്യത്തിന്റെ സമസ്തമേഖലകളിലും മാത്രമല്ല ശാസ്ത്രസാങ്കേതികം, കായികം രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇരുപത്തഞ്ച് കൃതികൾ പ്രസിദ്ധീകരിച്ചു. മലയാളത്തിന്റെ വേരറുക്കാത്ത ലളിതവും കോമളവുമായ ഭാഷ ഗൃഹാതുരമായി അവതരിപ്പിക്കാനുള്ള കഴിവ് ഏറെ പ്രശംസനീയം.

നന്നേ ചെറുപ്പത്തിൽ എഴുത്തു തുടങ്ങി. ബാലരമയിൽ കവിതകൾ എഴുതിക്കൊണ്ടാണ് പ്രസിദ്ധീകരണ ലോകത്തിൽ പിച്ചവെക്കുന്നത്. തുടർന്നു നാടകങ്ങളിലേക്കു തിരിഞ്ഞു. ആകാശവാണിയുടെ തൃശൂർ, തിരുവനന്തപുരം നിലയങ്ങൾ 'കർട്ടനിടു', 'കാർമേഘം' എന്നീ നാടകങ്ങൾ ആവർത്തിച്ചു പ്രക്ഷേപണം ചെയ്തു. തുടർന്നു സാഹിത്യമേഖലയെ ഗൗരവമായി നിരീക്ഷിച്ചു എഴുത്ത് തുടർന്നു. 1971-കളിൽ മലയാള മനോരമയുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരള യുവസാഹിത്യസഖ്യത്തിന്റെ മാവേലിക്കര താലൂക്കിൽ നിന്നുള്ള ഏകവ്യക്തി.

1972-ൽ 'ഇരുളടഞ്ഞ താഴ്‌വര' എന്ന നാടകം താമരക്കുളം വി.വി.എച്ച്.സി സ്കൂളിൽ അരങ്ങേറി. പോലീസ് വകുപ്പിനെതിരേ ആക്ഷേപങ്ങളും കൂരമ്പുകളും നിറഞ്ഞ നാടകത്തിൽ നിറഞ്ഞു നിന്നത് പൊള്ളുന്ന സമകാലിക സത്യങ്ങൾ. അതോടെ പൊലീസിന്റെ നോട്ടപ്പുള്ളിയായി. നാടകം നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ വാർഷികത്തിന് അരങ്ങേറുമെന്നു പോലീസിന് അറിവ് ലഭിച്ചു. സോമനെ കുരുക്കാൻ തന്ത്രങ്ങൾ ഒരുക്കിയ പോലീസ് ഒടുവിൽ നക്സൽ ബന്ധം ആരോപിച്ചു കള്ളക്കേസുണ്ടാക്കി അറസ്റ്റുചെയ്ത് മർദ്ദിച്ചു. അക്ഷരസ്നേഹത്തിലൂടെ സർഗശക്തി തെളിയിക്കാൻ ശ്രമിച്ചതിന്റെ ശിക്ഷ! ഒടുവിൽ വീട്ടുകാർ ഇടപെട്ടു. പോലീസ് കസ്റ്റഡിയിൽ നിന്നു മോചിപ്പിച്ചു. നാടുകടത്തിയില്ലെങ്കിൽ വീട്ടുകാരും സുഹൃത്തുക്കളും അനുഭവിക്കുമെന്ന പോലീസ് ഭീഷണിയിൽ സോമൻ ഭയന്നില്ല. എന്നാൽ ഉറ്റവരുടെയും സ്നേഹിതരുടെയും സ്നേഹനിർബന്ധത്തിനു വഴങ്ങേണ്ടി വന്നു. അങ്ങനെ താമരക്കുളത്തു നിന്നു ഉത്തരേന്ത്യയിലേക്കു യാത്രയായി. റാഞ്ചിയിൽ നിന്നുള്ള റാഞ്ചിഎക്സ്പ്രസ് ദിനപത്രത്തിലായിരുന്നു ആദ്യകാലത്തു ജോലി. അന്ന് റാഞ്ചി എയ്ഞ്ചൽ തീയേറ്റേഴ്സിനു വേണ്ടി നിരവധി ഗാനങ്ങളെഴുതി. ഈ നാടകഗാനങ്ങൾ പ്രവാസികൾക്കിടയിലെ പോപ്പുലർ ഹിറ്റായിരുന്നു. കാരൂരിന്റെ നാടകങ്ങൾ റാഞ്ചിക്കു പുറമേ, ആഗ്ര, ഡൽഹി, ബൊക്കാറോ, ലുധിയാന, മുംബൈ എന്നിവിടങ്ങളിലും അരങ്ങേറി. അക്കാലത്തും നാടകമെഴുത്തു തുടർന്നു. ആദ്യ സംഗീതനാടകം 'കടൽക്കര' 1985-ൽ കോട്ടയം വിദ്യാർഥിമിത്രം പുസ്തകരൂപത്തിൽ പുറത്തിറക്കി.

നാല് ദശാബ്ദക്കാലമായി എഴുത്തിന്റെ വഴിയെയാണ്. പ്രവാസിയായി ജീവിക്കേണ്ടി വന്നപ്പോഴും എഴുത്തിനെ തള്ളിപ്പറഞ്ഞില്ല. മലയാളസാഹിത്യത്തിനും ഭാഷയ്ക്കും നൽകിയ സമഗ്രസംഭാവനകളെ മുൻനിർത്തി പ്രവാസി എഴുത്തുകാർക്കായി ഏർപ്പെടുത്തിയ ഭാഷാമിത്രം പുരസ്കാരത്തിന് അർഹനായി. ഗൾഫിൽ നിന്നുള്ള ആദ്യസംഗീത നാടകമായി 'കടലിനക്കരെ എംബസി സ്കൂൾ' എന്ന കൃതി പേരെടുത്തു. 'കണ്ണീർപ്പൂക്കൾ' എന്ന കൃതിക്കു വിദേശമലയാളി സാഹിത്യ പുരസ്കാരം അന്നത്തെ പ്രധാനമന്ത്രി പി.വി നരസിംഹറാവുവിൽ നിന്നു സ്വീകരിച്ചു. 'കദനമഴ നനഞ്ഞപ്പോൾ' എന്ന നോവലിന് പാറപ്പുറം പ്രവാസി സാഹിത്യ അവാർഡും 'കനൽ' എന്ന നോവലിന് ആഗോള മലയാളി കൗൺസിൽ പുരസ്കാരവും 'കിനാവുകളുടെ തീരം' എന്ന നോവലിന് ലിപി ഫൗണ്ടേഷൻ സാഹിത്യ പുരസ്കാരവും 'കറുത്ത പക്ഷികൾ' എന്ന കവിതാസമാഹാരത്തിന് ലണ്ടൻ മലയാളി കൗൺസിൽ സാഹിത്യ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. 2010-ൽ പ്രവാസി സാഹിത്യത്തിനുള്ള സമഗ്രസംഭാവനകളെ മാനിച്ച് കള്ളിക്കാട് രാമചന്ദ്രൻ പുരസ്ക്കാരവും ലഭിച്ചു.

ഇരുപത്തിയാറു രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള കാരൂർ മലയാള ഭാഷയെയും സംസ്ക്കാരത്തെയും പരിപോഷിപ്പിക്കുന്നതിൽ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് ആഫ്രിക്കയുടെ കലാസാംസ്ക്കാരിക വിഭാഗം ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള കാരൂർ വിവിധ വിദേശമാധ്യമങ്ങളുടെ പ്രതിനിധിയായും പ്രവർത്തിക്കുന്നു. മാധ്യമം ദിനപത്രത്തിനു വേണ്ടി ലണ്ടൻ ഒളിമ്പിക്സ് റിപ്പോർട്ട് ചെയ്തു. ലണ്ടനിൽ സ്ഥിരതാമസം.

ഭാര്യ: ഓമന തീയാട്ടുകുന്നേൽ. മക്കൾ: രാജീവ്, സിമ്മി, സിബിൻ.

വിലാസം: Karoor Soman
113, Oakfield Road, LONDON
E6-ILN- England
Contact: 0044-208-470-1533
E-Mail: karoorsoman@yahoo.com
Web: www.karoorsoman.org

## ഗ്രന്ഥകാരന്റെ കൃതികൾ

**നോവൽ**

1. കണ്ണീർപ്പൂക്കൾ
2. കദനമഴ നനഞ്ഞപ്പോൾ
3. കനൽ
4. കാരൂർകൊച്ചുകുഞ്ഞ്
5. കിനാവുകളുടെ തീരം
6. കാണാപ്പുറങ്ങൾ
7. കാലാന്തരങ്ങൾ
8. കഥാനായകൻ
9. കാവൽ മാലാഖ
10. കാൽപ്പാടുകൾ (യൂറോപ്പിൽ നിന്നുള്ള ആദ്യ മലയാള നോവൽ)
11. കൗമാരസന്ധ്യകൾ
12. കഥാനായിക
13. കത്തനാർ
14. കാത്തിരുന്ന കന്യക (നോവലൈറ്റ്)

**സംഗീത നാടകം**

1. കടൽക്കര
2. കടലിനക്കരെ എംബസ്സി സ്കൂൾ (ഗൾഫിൽ നിന്നുള്ള ആദ്യ മലയാള സംഗീത നാടകം)
3. കടലോളങ്ങൾ

**ലേഖനം**

1. കഥകളുറങ്ങുന്ന പുണ്യഭൂമി

**കവിത**

1. കറുത്ത പക്ഷികൾ
2. കടലാസ്

**കഥകൾ**

1. കാട്ടുകോഴികൾ

**യാത്രാവിവരണം**

1. കനകനക്ഷത്രങ്ങളുടെ നാട്ടിൽ

**ബാലസാഹിത്യനോവൽ**

1. കിളികൊഞ്ചൽ
2. കർഷക മന്ത്രി
3. കാറ്റാടിപ്പൂക്കൾ

**ശാസ്ത്രസാങ്കേതികം**

1. കാലത്തിന്റെ കതിരൊളിയുമായി ചന്ദ്രയാൻ

**കായികം**

1. കളിക്കളം-ലണ്ടൻ ഒളിമ്പിക്സ്